കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - 2019 മെയ് മുതൽ ജൂലൈ മാസം വരെയുള്ള വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**G.O(Rt) No.6780/2019/FIN** തീയതി ,തിരുവനന്തപുരം, 24.08.2019

പരമർശം :- 1) സ ഉ (പി) 384/2014/ധന തീയതി 05/09/2014.
2) സ ഉ (എം എസ്) 437/2016/ധന തീയതി 08/11/2016.
3) സ ഉ (എം എസ്) 34/2017/ധന തീയതി 21/01/2017.
4) സ ഉ (എം എസ്) 67/2017/ധന തീയതി 06/02/2017.
5) സ ഉ (എം എസ്) 359/2017/ധന തീയതി 04/08/2017.
6) സ.ഉ (സാധ) 2714/2018/ധന തീയതി 27/03/2018.
7) സ.ഉ (സാധ) 6632/2018/ധന തീയതി 03/08/2018.
8) സ.ഉ.(സാധ) നം.9666/2018/ധന തീയതി: 24.11.2018.
9) സ.ഉ.(സാധ) നം.1182/2019/ധന തീയതി: 16.02.2019,

**<u>ഉത്തരവ്</u>**

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2019 മെയ് മുതൽ ജൂലൈ വരെയുള്ള മൂന്ന് മാസത്തെ പെൻഷൻ നൽകുന്നതിനായി 224,92,14,431/- രൂപ (ഇരുനൂറ്റി ഇരുപത്തിനാലു കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി പതിനാലായിരത്തി നാനൂറ്റിമുപ്പത്തിയൊന്നു രൂപ മാത്രം) ആവശ്യമാണെന്ന് ക്ഷേമനിധി ബോർഡുകൾ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ 2019 മെയ് മുതൽ ജൂലൈ വരെയുള്ള മൂന്ന് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയായ 224,92,14,431/- രൂപ (ഇരുനൂറ്റി ഇരുപത്തിനാലു കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി പതിനാലായിരത്തി നാനൂറ്റിമുപ്പത്തിയൊന്നു രൂപ മാത്രം) അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള തരത്തിൽ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് /ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്

അനുവാദം നൽകുന്നു . ഈ പെൻഷൻ തുകയ്ക്കായി ക്ഷേമനിധി ബോർഡുകൾ ബന്ധപ്പെട്ട ഭരണ വകുപ്പിന് പ്രത്യേകമായി നിർദ്ദേശം സമർപ്പിക്കേണ്ടതില്ല.

3. 2019 മെയ് മുതൽ ജൂലൈ വരെയുള്ള മൂന്ന് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ. കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല.

4. ക്ഷേമനിധി ബോർഡ് പെൻഷൻ 2019 ആഗസ്ത് അവസാനവാരം വിതരണം ആരംഭിക്കേണ്ടതും വിതരണം ആരംഭിച്ചു 10 ദിവസത്തിനുള്ളിൽ പെൻഷൻ വിതരണം പൂർത്തിയാക്കേണ്ടതുമാണ്. ഈ സമയക്രമത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവതരമായി വീക്ഷിക്കുന്നതാണ് . പ്രസ്തുത സമയത്തിനുള്ളിൽ വിതരണം ചെയ്യാത്ത തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ തന്നെ 2019 സെപ്റ്റംബർ 20 നുള്ളിൽ തിരിച്ചടക്കുന്നു എന്നും 2019 ഓണത്തിന് മുൻപ് പെൻഷൻ വിതരണം പൂർത്തീകരിക്കുന്നു എന്നും എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവുമാരും ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.
തൊഴിൽ, കൃഷി, നികുതി, വ്യവസായ വകുപ്പുകൾക്ക്.
ധനകാര്യ(സീക്രട്ട് /ബജറ്റ്/ലേബർ/കൃഷി/എക്സ്പെൻഡിച്ചർ/ഇൻഡസ്ട്രീസ്&പിഡബ്ല്യുഡി)വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(1270532)

**ഉത്തരവിൻ പ്രകാരം**

Sreekala P

**സെക്ഷൻ ഓഫീസർ**

| 1 | 2 | 3 | 4 | 5 | | | 6 | 7 |
|---|---|---|---|---|---|---|---|---|
| | | | | നൽകേണ്ട പെൻഷൻ തുക | | | | |
| | | തുക അനുവദിച്ചു നൽകേണ്ടതായ എസ് ടി എസ് ബി അക്കൗണ്ട് /ബാങ്ക് , ബ്രാഞ്ച് , ഐ എഫ് എസ് സി,അക്കൗണ്ട് നമ്പർ | ആകെ പെൻഷൻ കാരുടെ എണ്ണം | 05/2019 | 06/2019 | 07/2019 | നീക്കിയിരിപ്പുള്ള തുക | ആകെ ആവശ്യമുള്ള തുക (5-6) |
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 799011400005224, ജില്ലാ ട്രഷറി , തിരുവനന്തപുരം | 11981 | 14377200 | 14377200 | 14377200 | 7047419 | 36084181 |
| 2 | കർഷക പെൻഷൻ | 701011400000161, ജില്ലാ ട്രഷറി , തിരുവനന്തപുരം | 286798 | 344156400 | 344157600 | 344157600 | 0 | 1032471600 |
| 3 | മത്സ്യ തൊഴിലാളി | 713021400000017, സബ് ട്രഷറി , തൃശൂർ | 63757 | 76508400 | 76508400 | 76508400 | 0 | 229525200 |
| | | കാനറാ ബാങ്ക് , വെസ്റ്റ് പാലസ് റോഡ്, CNRB0000721, 0721101064270 | 2446 | 2935200 | 2935200 | 2935200 | | 8805600 |
| 4 | ക്ഷീര കർഷക പെൻഷൻ | SBI, തിരുവനന്തപുരം സിറ്റി ശാഖ,SBIN0070028,67004044174 | 56994 | 45216800 | 45426400 | 45595200 | 0 | 136238400 |
| 5 | ലോട്ടറി തൊഴിലാളി | ഫെഡറൽ ബാങ്ക് , സ്റ്റാച്യു ശാഖ, FDRL0001030, 10300100427691 | 2065 | 2239200 | 2362800 | 2449200 | 0 | 7051200 |
| 6 | കയർ തൊഴിലാളി | IDBI , ആലപ്പുഴ ശാഖ, IBKL0000305, 0305104000115933 | 74313 | 89006600 | 89006600 | 89006600 | 0 | 267019800 |
| 7 | ഖാദി തൊഴിലാളി | 701011400000114, ജില്ലാ ട്രഷറി , തിരുവനന്തപുരം | 693 | 9600 | 9600 | 9600 | 0 | 28800 |
| 8 | ട്രേഡേഴ്സ് വെൽഫെയർ | 701010200002558, ജില്ലാ ട്രഷറി , തിരുവനന്തപുരം | 11350 | 12781250 | 12832950 | 12860450 | 23000000 | 15474650 |
| 9 | ചുമട്ടു തൊഴിലാളി | കെ ജി ബി -കലൂർ, KLGB0040537, 40537101007480 | 4053 | 4863600 | 4863600 | 4863600 | 0 | 14590800 |
| 10 | ആഭരണ തൊഴിലാളി | 799011400005233, ജില്ലാ ട്രഷറി , തിരുവനന്തപുരം | 325 | 368400 | 382800 | 388800 | 0 | 1140000 |
| 11 | ചെറുകിട തോട്ടം തൊഴിലാളി | കാനറാ ബാങ്ക്, കോട്ടയം, CNRB0001523, 1523132000007 | 325 | 372000 | 388800 | 390000 | 0 | 1150800 |
| 12 | ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി | 711090100000664, സബ് ട്രഷറി, അങ്കമാലി | 8853 | 10623600 | 10623600 | 10623600 | 0 | 31870800 |
| 13 | ബീഡി & സിഗാർ തൊഴിലാളി | കെ ജി ബി –തളാപ്, KGB0040422, 40422100008881 | 3051 | 3660200 | 3660200 | 3660200 | 0 | 10980600 |
| 14 | തയ്യൽ തൊഴിലാളി | ഐ സി ഐ സി ഐ –പട്ടം, ICIC0001177, 117701000668 | 54504 | 62668800 | 63622800 | 64414800 | 0 | 190706400 |
| 15 | കൈത്തറി തൊഴിലാളി | ജില്ലാ സഹ. ബാങ്ക് കണ്ണൂർ, UTB0SKDC01, 1001007000326 | 9562 | 11282400 | 11290800 | 11395200 | 4163800 | 29804600 |
| 16 | കശുവണ്ടി തൊഴിലാളി | എസ് ബി ഐ ,ബീച്ച് റോഡ് , കൊല്ലം, SBIN0070279, 57005949949 | 65539 | 79153800 | 78501600 | 78615600 | 0 | 236271000 |
| | ആകെ | | 656609 | | | | | 2249214431 |